# Malayala Manorama

# 14 August 2018

# Eloor: Flood relief



## ‘ദുരിതപ്പൊക്കം’ മൂന്നാംവട്ടം

ഏലൂർ • മൂന്നു മാസത്തിനിടയിൽ മൂന്നാം വട്ടമാണ് ഇടമുള പാലേക്കണ്ടം എം.കെ. സരളയ്ക്കു വെള്ളത്തെ ഭയന്നു ബന്ധുവീട്ടിൽ അഭയം തേടേണ്ടിവന്നത്. മകളും മരുമകനും പേരക്കുട്ടിയും അടങ്ങുന്നതാണു സരളയുടെ കുടുംബം. ഹൃദയസംബന്ധമായ അസുഖങ്ങളും മറ്റും സരളയെ അലട്ടുന്നുണ്ട്. 2013ൽ വീടിനകത്തു കഴുത്തറ്റം വരെ വെള്ളം പൊങ്ങി. ഒന്നോ രണ്ടോ ദിവസം കൊണ്ട് വെള്ളം ഇറങ്ങിപ്പോവുകയും ചെയ്തു. എന്നാൽ ഇപ്പോഴത്തെ വെള്ളപ്പൊക്കത്തിൽ ജലനിരപ്പ് അത്രത്തോളമെത്തിയില്ലെങ്കിലും ദുരിതം കൂടുതലാണ്.

വെള്ളക്കെട്ടുമൂലമാണു കഴിഞ്ഞ രണ്ടുതവണയും വീടുവിട്ട് ഓടിപ്പോകേണ്ടി വന്നത്. ഡാമുകൾ തുറന്നുവിട്ടതിനെത്തുടർന്നു കഴിഞ്ഞ വ്യാഴാഴ്ച വെള്ളം പൊങ്ങിയപ്പോൾ വീട്ടുസാധനങ്ങൾ എല്ലാം മാറ്റാൻ കഴിഞ്ഞില്ല. കുറെയൊക്കെ കട്ടിലിനും മേശയ്ക്കും മുകളിൽ കയറ്റിവച്ച് കയ്യിൽ കരുതാവുന്നതൊക്കെ എടുത്തു ബന്ധുവീട്ടിലേക്ക് ഓടുകയായിരുന്നു. കഴിഞ്ഞ രണ്ടു ദിവസമായി സിപിഎം പ്രവർത്തകരുടെ സഹായത്തോടെ ശുചീകരണം നടത്തി. ചെളിയും മറ്റ് അഴുക്കുകളും വീടിനകത്തുനിന്നു നീക്കുന്നതു കഠിനമായ ജോലിയായിരുന്നു. യുവാക്കളുടെ സഹായത്തോടെ ഇവയെല്ലാം നീക്കി കട്ടിൽ നേരെയിട്ടു വിശ്രമിക്കാമെന്നു വിചാരിച്ചിരിക്കുമ്പോഴാണ് ഇന്നലെ ഉച്ചയോടെ വീണ്ടും വെള്ളം വീട്ടിലേക്കു കയറിവന്നത്.

ഇതു സരളയുടെ മാത്രം അനുഭവമല്ല. ഇടമുള ബോസ്കോ കോളനിയിലെയും സമീപപ്രദേശങ്ങളിലെയും ജില്ലയിൽ വെള്ളപ്പൊക്കം മൂലം വീടുപേക്ഷിച്ചുപോകേണ്ടിവന്ന ആയിരക്കണക്കിനു കുടുംബങ്ങളുടെയും അവസ്ഥയാണ്. ഈ വർഷം മൂന്നുവട്ടം ഇവരിൽ ഏറെപ്പേർക്കും വീടൊഴിഞ്ഞു ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറേണ്ടി വന്നു.